(ബി) ഇ-ഫയലിംഗിൽ തപാൽ സ്കാൻ ചെയ്യേണ്ടത് ആരുടെ ചുമതലയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്കാനിംഗിലെ കാലതാമസം ഫയലുകൾ ഡിലേ ആകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഒരു പുനർ വിചിന്തനം നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും 'ഇ-ഓഫീസ്' നടപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ധനകാര്യം വിവരസാങ്കേതികവിദ്യ തുടങ്ങിയ വകുപ്പുകളിലാണ് ഇപ്പോൾ 'ഇ-ഓഫീസ്' സംവിധാനം ഉപയോഗിച്ചു വരുന്നത്. 'ഇ-ഓഫീസ്' സോഫ്റ്റ് വെയറിന്റെ ഉപയോഗം ഇപ്പോൾ പ്രാരംഭദശയിലാണ്. ഈ ഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ അപ്പപ്പോൾത്തന്നെ പരിഹരിച്ച് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയുമാണ്.

(ബി) 'ഇ-ഓഫീസ്' സംവിധാനത്തിൽ തപാലുകൾ സ്കാൻ ചെയ്ത് ബന്ധപ്പെട്ട സെക്ഷനുകൾക്ക് അയച്ചുകൊടുക്കേണ്ട ചുമതല അതത് വകുപ്പുകളുടെ ഓഫീസ് സെക്ഷനുകൾക്കാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

6 (7562) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട് ; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഇതിൽ സാമ്പത്തിക സഹായത്തിനായി ലഭിച്ച അപേക്ഷകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ 16086 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(ബി) നയപരമായ തീരുമാനം വേണ്ടതും അന്വേഷണം പൂർത്തിയാക്കാനുള്ളതും നടപടിക്രമങ്ങൾ പാലിക്കേണ്ടതും പ്രത്യേക ഫണ്ട് ആവശ്യമുള്ളതുമായ അപേക്ഷകളിലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓൺലൈനായി ലഭിച്ച അപേക്ഷകളിൽ സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ പ്രകാരമുള്ളവയും മുഖ്യമന്ത്രി നേരിട്ട് തുക പാസ്സാക്കിയിട്ടുള്ളതുമായ അപേക്ഷകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. ജനസമ്പർക്ക ദിവസം ലഭിച്ച മറ്റുള്ള അപേക്ഷകളിൽ അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടി

7 (7563) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ പാലക്കാട് ജില്ലയിൽ വിവിധ കാര്യങ്ങൾക്കായി പൊതുജനങ്ങളിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) എ. പി. എൽ. കാർഡുകൾ ബി. പി. എൽ. ആക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു ; അതിൻമേൽ എത്ര കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റി നൽകി ; വിശദാംശം നൽകാമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു ; അതിൽ എത്ര എണ്ണത്തിൽ തീരുമാനം എടുത്തു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 36830 അപേക്ഷകൾ ലഭിച്ചു.

(ബി) എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിനായി 19586 അപേക്ഷകൾ ലഭിച്ചു. അതിൽ 1004 എണ്ണം ബി.പി.എൽ കാർഡുകൾ ആക്കി മാറ്റി.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിനായി 1519 അപേക്ഷകൾ ലഭിച്ചു. അതിൽ 33 എണ്ണം ബി.പി.എൽ. കാർഡാക്കി മാറ്റി നൽകി.

മലപ്പുറത്തെ ജനസമ്പർക്ക പരിപാടിയിൽ പരിഗണിച്ച അപേക്ഷ

8 (T 7564) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ൽ മലപ്പുറത്തുവച്ച് നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ 103321 എം.സി.പി.ആർ, 103330 എം.സി.ഡബ്ല്യു.ഡി. എന്നീ ഡോക്കറ്റ് നമ്പറുകൾ പ്രകാരം റഹീം c/o ഷാജി വി.പി., വലിയപീടിയേക്കൽ, സക്കീന c/o ഷാജി വി. പി. വലിയപീടിയേക്കൽ എന്നീ ആളുകളിൽനിന്നും പെൻഷനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly